11. കോഴിക്കോട്	-	456
12. വയനാട്	-	160
13. കണ്ണൂർ	-	695
14. കാസർഗോഡ്	-	224
ആകെ	-	5095

(ബി) എ,ബി,സി, ഗ്രേഡുകൾക്ക് പ്രതിവർഷം - 12,000 രൂപയും ഡിഇഎഫ് ഗ്രേഡുകൾക്ക് പ്രതിവർഷം - 9,000 രൂപയും അലവൻസ് നൽകുന്നു.

(സി) ഉണ്ട്. സംസ്ഥാന സർക്കാർ പുതുതായി രൂപീകരിച്ച സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വത്തിനായി നിർവ്വചിച്ചിട്ടുള്ള സാംസ്കാരിക പ്രവർത്തകരിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ഗ്രന്ഥശാലകളിൽ ലൈബ്രേറിയൻ ആയി പ്രവർത്തിക്കുന്നവരെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജില്ലാ ലൈബ്രറി കൗൺസിൽ നടപ്പിലാക്കി വരുന്ന പുസ്തക സംഭരണവുമായി ബന്ധപ്പെട്ട ബുക്ക് എക്സിബിഷനുകൾ

110(799) ശ്രീ. മൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാല് വർഷങ്ങളായി ജില്ലാ ലൈബ്രറി കൗൺസിൽ നടപ്പിലാക്കിവരുന്ന പുസ്തകം സംഭരിക്കുന്നതുമായി ബന്ധപ്പെട്ട ബുക്ക് എക്സിബിഷനുകളുടെ ഗുണദോഷങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു പ്രസാധകൻ പുസ്തക എക്സിബിഷനുവേണ്ടി ഒരു സ്റ്റാളിന് 5000 രൂപ വാടകയും 35%-ത്തോളം കമ്മീഷനും നൽകേണ്ടി വരുന്നതുമൂലം ഓരോ പ്രസാധകരുടേയും മുഴുവൻ പുസ്തകങ്ങളും എക്സിബിഷന് എത്തിച്ചേരാത്ത അവസ്ഥയെക്കുറിച്ച് അന്വേഷിക്കുമോ ;

(സി) പ്രസ്തുത സാഹചര്യം നിലവിലുള്ളതിനാൽ പുസ്തകങ്ങളുടെ റീപ്രിന്റ് അച്ചടിക്കാൻ കഴിയാതെ വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സമയപരിമിതിമൂലം പുസ്തകങ്ങൾ കൃത്യമായി സെലക്ട് ചെയ്യാൻ കഴിയാത്തതുകൊണ്ടും, എല്ലാ പുസ്തകങ്ങളും എക്സിബിഷന് എത്താത്തതുകൊണ്ടും ലൈബ്രറികളിൽ നിലവാരമില്ലാത്ത പുസ്തകങ്ങൾ നിറയുമെന്ന സ്ഥിതി വിലയിരുത്തുമോ ;

(ഇ) ജില്ലാ ലൈബ്രറി സമിതിക്ക് എക്സിബിഷനുകളിലൂടെ കിട്ടുന്ന വരുമാനത്തിന് സർക്കാർ ഓഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുവേണ്ട സംവിധാനം ഉണ്ടാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. ജില്ലാ ലൈബ്രറി കൗൺസിൽ വികസന സമിതിയാണ് പുസ്തകോത്സവങ്ങൾ സംഘടിപ്പിച്ചു വരുന്നത്. കേരളത്തിലെ മിക്ക പ്രസാധകരും വലുപ്പച്ചെറുപ്പമില്ലാതെ ഇതിൽ പങ്കെടുക്കുന്നുണ്ട്. ഇവിടെ വൈവിദ്ധ്യമാർന്ന പുസ്തകങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണമുള്ള പുസ്തകങ്ങൾ, അവർക്ക് താൽപ്പര്യമുള്ള പ്രസാധകരിൽ നിന്ന് തെരഞ്ഞെടുക്കുവാനും അവസരം ലഭിക്കുന്നു.

(ബി) ഇതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജില്ലകളിൽ പുസ്തകോത്സവങ്ങൾക്ക് വേണ്ടത്ര പ്രചരണം നൽകുന്നുണ്ട്. പുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഗ്രന്ഥശാലാ പ്രവർത്തകർക്ക് ആവശ്യമായ സമയം ലഭിക്കുന്നതായി അറിയുന്നു. പുസ്തകോത്സവത്തിൽ വലുതും ചെറുതുമായ പ്രസാധകരുടെ നിരവധി പുസ്തകങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഗുണനിലവാരമുള്ള പുസ്തകങ്ങൾ അതിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

(ഇ) ജില്ലാതല പുസ്തകോത്സവം സംഘടിപ്പിക്കുന്നത് ജില്ലാ ലൈബ്രറി കൗൺസിൽ വികസന സമിതിയാണ്. അതാതു ജില്ലയിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തകരും, സാഹിത്യകാരൻമാരും, ഗ്രന്ഥശാലാ പ്രവർത്തകരും ഉൾപ്പെട്ട സമിതിയാണ്. ഇത് കേരള പബ്ലിക് ലൈബ്രറീസ് റൂൾസിന് വിധേയമായിട്ടില്ല പ്രവർത്തിക്കുന്നത്. ജില്ലാ ലൈബ്രറി കൗൺസിൽ രൂപകൽപ്പന ചെയ്യുന്ന വികസന പ്രവർത്തനങ്ങളുടെയും മറ്റ് എല്ലാ ധന വിനിയോഗങ്ങളും ഓഡിറ്റിന് വിധേയമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സാംസ്കാരികരംഗം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും നടപടി

***(800)** എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാംസ്കാരികരംഗം മെച്ചപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് എത്ര വീതം തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏക സാംസ്കാരിക സ്ഥാപനമായ ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽ സ്ഥാപനത്തിൽ എത്ര രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly